DESPATCHED
On 29/06/2020
17.3.20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.866(2)/2017**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.499/എസ്.ഐ.സി-ജി 6/17

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

ശ്രീ.കെ. പ്രഭാകരൻ
സെക്രട്ടറി, സ്വാശ്രയ
മട്ടാഞ്ചേരി
സി.സി.14/981,
നസ്രത്ത്, കൊച്ചി-2 } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ധനകാര്യ (സാങ്കേതിക പരിശോധന) വകുപ്പ്
ചീഫ് ടെക്നിക്കൽ എക്സാമിനറുടെ കാര്യാലയം
എസ്.ബി.ടി ഇ യു ബിൽഡിംഗ്, പുളിമൂട്
തിരുവനന്തപുരം

**എതിർകക്ഷികൾ**

2. അപ്പീൽ അധികാരി
ചീഫ് ടെക്നിക്കൽ എൻജിനീയറുടെ കാര്യലയം
പൊതുമരാമത്ത് വകുപ്പ്
തിരുവനന്തപുരം

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 14.08.2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 29.08.2016 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 27.10.2016 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 10.01.2017 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 11.01.2017 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 04.05.2017 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 22.02.2017 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 28.01.2020, കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നില്ല<br>ഹാജരായിരുന്നു |

## <u>ഉത്തരവ്</u>

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ വിവരം ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 14.08.2016–ാം തിയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ 28.08.2016 ന് നൽകിയ പരാതിയിൽ കൈക്കൊണ്ട നിയമനടപടികളുടെ പകർപ്പ് നൽകണമെന്ന് അപേക്ഷിക്കുന്നുവെന്നാണ്.

3. 22.02.2017 ൽ സമർപ്പിച്ച റിപ്പോർട്ടിൽ ടി ഓഫീസിൽ അനേകം വർക്കുകളുമായി ബന്ധപ്പെട്ട നിരവധി എം.സി.ആറുകളും ലെവൽ റിപ്പോർട്ടുകളും പ്രതിമാസം ലഭിക്കാറുണ്ടെന്നും റാന്റം സെലക്ഷനിലൂടെയാണ് വർക്കുകൾ പരിശോധനയ്ക്ക് തെരഞ്ഞെടുക്കുന്നതെന്നും, 29.08.2016 ന് മറുപടി നൽകിയെന്നും, കൊല്ലം റോഡ്സ് ഡിവിഷന് കീഴിൽ വരുന്ന 12 റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടെന്നും, അതിൽ കൊട്ടിയം –മയ്യനാട്–ch.0/000-ch1/500km എന്ന ഒരു വർക്കുമാത്രമാണ് പരിശോധന നടത്തിയിട്ടുള്ളതെന്നും, ടിഎംസി ആറിന്റെ പകർപ്പും ടി പണിയുടെ ഓബ്സർവേഷൻ മെമ്മോയുടെ പകർപ്പും സമർപ്പിക്കുന്നുവെന്നുമാണ്.

4. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ നൽകിയതായി കാണുകയും, ഇതേ പരാതി **AP.299*(2)/2017/എസ്.ഐ.സി*** എന്ന ഫയൽ പ്രകാരം തീർപ്പാക്കിയതാണെന്ന് വിലയിരുത്തുകയും, ആയതിനാൽ ടി പരാതിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 മാർച്ച് 17–ാം തീയതി തീർപ്പാക്കുന്നു.

**(ഒപ്പ്)**
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**